# ഇലഞെരമ്പുകൾ

ഇറ്റിറ്റു വീഴുന്ന
ഓർമ്മത്തുള്ളികൾ
കൈ ഞെരമ്പിലൂടെ
ഹൃദയത്തിലേയ്ക്ക് പ്രവേശിക്കുന്നു.
കിനാവിന്റെ
തുറക്കാത്ത കണ്ണുകളിൽ
പല ഇല വിരിയുന്നു
പല ശാഖ വളരുന്നു
മരമേറെ വളരുന്നു.

കാലത്തിന്റെ തേങ്ങൽ
കാറ്റായ് തഴുകി
പൂവായ് വിരിഞ്ഞ്
സൂര്യ താപത്തിൽ
കായായ് പഴുത്ത്
വിത്തായ് ഉണങ്ങി
വിരുന്നുവന്ന നിലാവിനൊപ്പം
മണ്ണിലേയ്ക്ക്
വേരറ്റു വീഴുന്നു.

ഓർമ്മ വറ്റിയ
കാഴ്ചകളായ്
കണ്ണിൽ നിറയുന്നു.
ഓർമ്മത്തുള്ളികൾ
ഇലഞെരമ്പിലേയ്ക്ക്
അരിച്ചിറങ്ങുന്നു.

കണ്ണീർതുള്ളിക്കൊപ്പം
ഒരു പഴുത്ത ഇല
മർമ്മരങ്ങളില്ലാതെ
നിശ്വാസമായി
കാറ്റിലലയുന്നു.